"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് റവന്യൂ ജില്ലാ സ്കൂൾ കലോൽസവത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ഠാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.103/2026/LSGD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- 1. കാസർഗോഡ് റവന്യൂ ജില്ലാ സ്കൂൾ കലോത്സവം ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിച്ചിരിക്കുന്ന 17.12.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

കാസർഗോഡ് റവന്യൂ ജില്ലാ സ്കൂൾ കലോൽസവത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകണമെന്ന് റവന്യൂ ജില്ലാ സ്ക്കൂൾ കലോത്സവം ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് റവന്യൂ ജില്ലാ സ്കൂൾ കലോൽസവത്തിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ₹20,000/-(ഇരുപതിനായിരം രൂപ മാത്രം) , ബ്ലോക്ക് പഞ്ചായത്തുകൾ ₹30,000/-(മുപ്പതിനായിരം രൂപ മാത്രം) , ജില്ലാ പഞ്ചായത്ത് ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) , നഗരസഭ ₹50,000/-(അൻപതിനായിരം രൂപ മാത്രം) എന്നീ പരമാവധി നിരക്കിൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ധനസഹായം നൽകുന്നതിന് യഥേഷ്ഠാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 14-01-2026 10:31:21

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.